## മഖ്ദൂം പണ്ഡിതന്മാർ: ജീവിതം, രാഷ്ട്രീയം-2

# ശൈഖ് സൈനുദ്ദീൻ രണ്ടാമൻ

**പതിനാറാം** നൂറ്റാണ്ടിൽ കേരളത്തിൽ സാമൂതിരിയും മുസ്‌ലിംകളും ചേർന്ന് നടത്തിയ അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ താത്ത്വികാചാര്യനായി വിശേഷിപ്പിക്കാവുന്ന സാമൂഹിക പരിഷ്കർത്താവും ചരിത്രകാരനുമായ പണ്ഡിതനാണ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ എന്ന പേരിൽ അറിയപ്പെടുന്ന ശൈഖ് അഹ്മദ് സൈനുദ്ദീൻ ഇബ്നു മുഹമ്മദ് അൽ ഗസ്സാലി.

ശൈഖ് സൈനുദ്ദീൻ ഒന്നാമന്റെ ത്രിതീയ പുത്രൻ ശൈഖ് മുഹമ്മദ് അൽ ഗസ്സാലിയുടെ മകനായി ഹിജ്റ 938/ക്രി. വ. 1531-ൽ വടക്കേ മലബാറിലെ മാഹിക്കടുത്ത ചോമ്പാലിലാണ് സൈനുദ്ദീൻ രണ്ടാമന്റെ ജനനം. ചോമ്പാലിലെ വലിയകത്ത് തറകെട്ടി തറവാട്ടുകാരിയായിരുന്നു മാതാവ്. ശൈഖ് സൈനുദ്ദീന്റെ ജനനം പൊന്നാനിയിലായിരുന്നുവെന്ന അഭിപ്രായവുമുണ്ട്. പിതാവ് മുഹമ്മദ് അൽ ഗസ്സാലി വടക്കേ മലബാറിലെ ഖാദിയായിരുന്നു. സൈനുദ്ദീൻ നന്നേ ചെറുപ്പമായിരിക്കുമ്പോൾതന്നെ പിതാവ് മരണപ്പെട്ടതിനാൽ പിതൃസഹോദരനും പൊന്നാനിയിലെ മഖ്ദൂമുമായിരുന്ന ശൈഖ് അബ്ദുൽ അസീസിന്റെ സംരക്ഷണത്തിലാണ് വളർന്നത്. പൊന്നാനിയിലെ ദർസിൽ പിതൃവ്യൻ തന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ ഗുരുനാഥൻ. പൊന്നാനിയിലെ പഠനം പൂർത്തിയാക്കിയ സൈനുദ്ദീൻ രണ്ടാമനും ഉപരിപഠനത്തിന് പോയത് മക്കയിലേക്കാണ്. ഹറമിലെ പ്രശസ്ത പണ്ഡിതന്മാർക്ക് കീഴിൽ 10 വർഷക്കാലം അദ്ദേഹം പഠനം നടത്തി. ശാഫിഈ മദ്ഹബിലെ പ്രസിദ്ധ കർമശാസ്ത്ര ഗ്രന്ഥമായ *തുഹ്ഫ*യുടെ രചയിതാവ് ഇബ്നുഹജറിൽ ഹൈതമിയായിരുന്നു ഹറമിലെ അദ്ദേഹത്തിന്റെ പ്രധാന ഗുരുനാഥൻ. ഗുരുനാഥൻ എന്നതിലുപരിയായ സ്നേഹബന്ധം അദ്ദേഹം ഹൈതമിയുമായി പുലർത്തിയിരുന്നതായി പറയപ്പെടുന്നു. പിൽക്കാലത്ത് ഗുരുനാഥൻ ശിഷ്യനെ കാണാനായി പൊന്നാനിയിൽ വന്നിരുന്നതായും അഭിപ്രായമുണ്ട്. എന്നാൽ ഇത് ചരിത്രപരമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇബ്നുഹജറിനെ കൂടാതെ ശൈഖുൽ ഇസ്‌ലാം ഇസ്സുദ്ദീനുബ്നു അബ്ദിൽ അസീസ് അസ്സുമരി, അല്ലാമാ വജീഹുദ്ദീൻ അബ്ദുർറഹ്മാൻ ഇബ്നു സിയാദ്, ശൈഖുൽ ഇസ്‌ലാം അബ്ദുർറഹ്മാൻ ഇബ്നുസ്സുഫ്ഫ തുടങ്ങിയവരും അദ്ദേഹത്തിന്റെ ഗുരുനാഥന്മാരായിരുന്നു. മക്കയിൽ ഹദീസ് പഠനത്തിൽ അദ്ദേഹം സവിശേഷ താൽപര്യം എടുത്തിരുന്നു. ഹദീസ് ഗുരുനാഥന്മാരിൽനിന്ന് ഹദീസ് നിവേദനത്തിനുള്ള അനുവാദവും അദ്ദേഹം സമ്പാദിക്കുകയുണ്ടായി.

ആധ്യാത്മികവികാസം നേടുന്നതിന് പിതാമഹനെ പോലെ തസവ്വുഫ്സരണിയും അദ്ദേഹം പരീക്ഷിക്കുകയുണ്ടായി. ഖാദിരിയ്യാ ത്വരീഖത്തിന്റെ ആചാര്യനായിരുന്ന അബുൽ ഹസൻ അസ്സിദ്ദീഖിയായിരുന്നു അദ്ദേഹത്തിന്റെ ആധ്യാത്മിക ഗുരു.

### ഫത്ഹുൽ മുഈൻ

ഉപരിപഠനം കഴിഞ്ഞ് പൊന്നാനിയിൽ തിരിച്ചെത്തിയ ശൈഖ് സൈനുദ്ദീന്റെ ആദ്യ പ്രവർത്തനമണ്ഡലം പിതാമഹൻ അടിത്തറപാകിയ വൈജ്ഞാനിക രംഗം തന്നെയായിരുന്നു. ഗുരുനാഥനും പിതൃസഹോദരനുമായ ശൈഖ് അബ്ദുൽ അസീസ്, മഖ്ദൂം പദവിയിൽ തുടരുമ്പോൾതന്നെ വലിയ ജുമുഅത്ത് പള്ളിയിലെ ദർസിന്റെ ഉത്തരവാദിത്വം സൈനുദ്ദീൻ രണ്ടാമൻ ഏറ്റെടുത്തു. പിതൃസഹോദരനേക്കാൾ വൈജ്ഞാനികമായ ആഴവും ലോകബോധവും ആർജിച്ചിരുന്ന അദ്ദേഹം വിദ്യാർഥികളെ അറിവിന്റെ വിശാല മേഖലകളിലേക്ക് നയിച്ചു. അബ്ദുൽ അസീസ് മഖ്ദൂമിന്റെ മരണശേഷം മഖ്ദൂം സ്ഥാനവും അദ്ദേഹത്തിന് ലഭിച്ചു.

ശൈഖ് സൈനുദ്ദീൻ രണ്ടാമന്റെ വൈജ്ഞാനിക പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് *ഫത്ഹുൽ മുഈൻ* എന്ന കർമശാസ്ത്രഗ്രന്ഥത്തിന്റെ രചനയാണ്. ശാഫിഈ മദ്ഹബ് പ്രകാരമുള്ള കർമശാസ്ത്ര നിയമങ്ങൾ ലളിതമായി പ്രതിപാദിക്കുന്നു *ഫത്ഹുൽ മുഈൻ*. ഇത് രചിക്കപ്പെടുന്നതിനു മുമ്പ് കർമശാസ്ത്രം പഠിപ്പിക്കാൻ ഇവിടെ പ്രധാനമായും അവലംബിച്ചിരുന്നത് ശൈഖ് സൈനുദ്ദീന്റെ തന്നെ ഗുരുനാഥനായ ഇബ്നുഹജറിൽ ഹൈതമി രചിച്ച *തുഹ്ഫ*യായിരുന്നു. ബൃഹത് വാള്യങ്ങളുള്ള ഈ കൃതി റഫറൻസ് എന്ന നിലയിൽ മികച്ചതാണെങ്കിലും സാധാരണ പഠിതാവിനെ സംബന്ധിച്ചേടത്തോളം പ്രയോജനപ്പെടുത്താൻ അത്യന്തം പ്രയാസകരമായിരുന്നു. ഈ പ്രയാസം ദൂരീകരിക്കുക എന്ന ലക്ഷ്യം കൂടി മുൻനിർത്തിയാണ് *തുഹ്ഫ*യിൽ പ്രതിപാദിച്ച വിഷയങ്ങൾ ഏറക്കുറെ സംക്ഷിപ്തമായി ഉൾക്കൊള്ളിച്ചുകൊണ്ട് ശൈഖ് സൈനുദ്ദീൻ *ഫത്ഹുൽ മുഈൻ* രചിച്ചത്. ഈ ഗ്രന്ഥം പുറത്തുവന്ന് ഏറെക്കാലം കഴിയുന്നതിനു മുമ്പുതന്നെ ഇത് പള്ളിദർസുകളിൽ പാഠപുസ്തകമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

ഇസ്‌ലാമിക സാങ്കേതിക വ്യവഹാരങ്ങളിൽ ഫിഖ്ഹ് അഥവാ കർമശാസ്ത്രം കേവലമായ വിജ്ഞാനശാഖ എന്നതിലുപരി ജനങ്ങളുടെ ദൈനംദിന ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട പ്രായോഗിക രീതിശാസ്ത്രമാണ്. ആരാധനാനുഷ്ഠാനങ്ങൾ മാത്രമല്ല വിവാഹം, ദാമ്പത്യം, വിവാഹമോചനം, കച്ചവടം തുടങ്ങിയ ജീവിതവ്യവഹാരങ്ങൾ മുഴുവൻ ഇസ്‌ലാം നിശ്ചയിച്ച രീതിയിലും സ്വഭാവത്തിലുമാകണമെങ്കിൽ കർമശാസ്ത്രത്തെക്കുറിച്ച സാമാന്യ ധാരണ സാധാരണ ജനത്തിനും അത്യന്താപേക്ഷിതമാണ്. ഇതിന്റെ അഭാവം ശൈഖ് സൈനുദ്ദീന്റെ കാലഘട്ടത്തിലെ കേരള മുസ്‌ലിംകളിൽ വ്യാപകമായിരുന്നുവെന്ന് മനസ്സിലാക്കാൻ കേരളത്തിലെ ചില ഭാഗങ്ങളിൽ

മുസ്‌ലിംകളിൽ അന്ന് നിലനിന്നിരുന്ന ദായധന ക്രമത്തെക്കുറിച്ച് അദ്ദേഹം *തുഹ്ഫത്തുൽ മുജാഹിദീനിൽ* നൽകിയ വിവരണം ശ്രദ്ധിച്ചാൽ മതി. വടക്കേ മലബാറിൽ പലയിടത്തും മുസ്‌ലിംകൾക്കിടയിൽ മരുമക്കത്തായ രീതിയിലുള്ള അനന്തരാവകാശ വിതരണക്രമമാണ് നിലനിന്നിരുന്നത് എന്നാണ് ശൈഖ് സൈനുദ്ദീൻ സൂചിപ്പിച്ചിരിക്കുന്നത്. അതിനാൽ മുസ്‌ലിമിന്റെ ദൈനംദിന ജീവിതത്തിൽ ചിട്ടയോടെ പാലിക്കേണ്ട കർമശാസ്ത്ര നിയമങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന രചനയിലൂടെ അദ്ദേഹം ദർസുകളെ മാത്രമല്ല പൊതുജനങ്ങളുടെ ബോധവത്കരണം കൂടി ലക്ഷ്യം വെച്ചിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. അതുകൊണ്ട് സാമൂഹിക പരിഷ്കരണത്തിന്റേതായ ഒരു തലം കൂടി ഈ ഗ്രന്ഥത്തിന് കൈവരുന്നതായി തിരിച്ചറിയാനാകും. അറബിയിലെഴുതിയ ഒരു ഗ്രന്ഥം എങ്ങനെയാണ് അറബി സംസാര ഭാഷയല്ലാത്ത ഒരു ജനതയുടെ മതപഠനത്തിനും സംസ്കരണത്തിനും ഉതകുക എന്ന സന്ദേഹം ഇവിടെ സ്വാഭാവികമായും ഉയരാവുന്നതാണ്. അതിനുള്ള മറുപടി ലളിതമാണ്: ദർസ് സമ്പ്രദായം ആരംഭിച്ചതോടൊപ്പമോ അതിന് തൊട്ടുമുമ്പോ ഓത്തുപള്ളി എന്ന പേരിൽ അറിയപ്പെട്ട പ്രാഥമിക മതവിദ്യാഭ്യാസ സമ്പ്രദായത്തിനും ഇവിടെ തുടക്കം കുറിക്കപ്പെട്ടിരുന്നു. പള്ളിയുടെ 'ചെരു' ആണ് ഓത്തുപള്ളിയായി തുടക്കത്തിൽ ഉപയോഗിച്ചിരുന്നത്. ആരംഭത്തിൽ ഖുർആൻ ഓതാൻ മാത്രം പഠിപ്പിച്ചിരുന്ന ഓത്തുപള്ളിയിൽ പിൽക്കാലത്ത് ഇസ്‌ലാമിന്റെ അനുഷ്ഠാനമുറകളുമായും ജീവിതവ്യവഹാരങ്ങളുമായും ബന്ധപ്പെട്ട കർമശാസ്ത്ര നിയമങ്ങളും സാമാന്യമായി പഠിപ്പിക്കാൻ ആരംഭിച്ചു. ദർസിൽ വെച്ച് *ഫത്ഹുൽ മുഈൻ* വരെയെങ്കിലും ഓതി പഠിച്ചവരായിരുന്നു ഈ ഓത്തുപള്ളിയിലെ അധ്യാപകർ. ഭാഷാശുദ്ധിയോടുകൂടിയ ഖുർആൻ പാരായണം, വിശ്വാസപരവും കർമപരവുമായ നിർബന്ധ കാര്യങ്ങളുടെ വിശദീകരണമില്ലാത്ത അധ്യയനം, പ്രബല സുന്നത്തുകളുടെ പ്രായോഗിക പാഠം- ഇത്രയുമായിരുന്നു വികസിച്ച ഓത്തുപള്ളിയുടെ സിലബസ്. ഇതത്രയും കുട്ടികളെ പഠിപ്പിക്കാൻ ഓത്തുപള്ളി അധ്യാപകന്റെ ഏക അവലംബം എന്ന് പറയാവുന്നത് അവർ മുമ്പ് പഠിച്ച *ഫത്ഹുൽ മുഈനാ*യിരുന്നുവെന്ന് നിസ്സംശയം പറയാം. കൂടാതെ കുട്ടികളെ പ്രാഥമിക മതകാര്യങ്ങൾ പഠിപ്പിക്കാൻ 'നിസ്കാരക്കണക്ക്' എന്ന പേരിൽ അറബി മലയാളത്തിൽ ഒരു ലഘുകൃതിയും ശൈഖ് സൈനുദ്ദീൻ രചിച്ചതായി പറയപ്പെടുന്നുണ്ട്. നമസ്കാര കാര്യങ്ങൾ മാത്രമല്ല, പ്രാഥമിക കർമശാസ്ത്ര നിയമങ്ങൾ കൂടി ഈ കൃതിയിൽ പ്രതിപാദിച്ചിരുന്നു.

വഅ്ളുകൾ എന്ന പേരിൽ വ്യവഹരിക്കപ്പെട്ട, പൊതുവെ രാത്രികാലങ്ങളിൽ നടത്തപ്പെടുന്ന മതപ്രസംഗങ്ങൾ വഴിയും *ഫത്ഹുൽ മുഈ*ന്റെ ഉള്ളടക്കം മുസ്‌ലിം പൊതുസമൂഹത്തിലേക്ക് വിനിമയം ചെയ്യപ്പെടുകയുണ്ടായി. അച്ചടി വ്യാപകമാകുന്നതിനു മുമ്പ് മുസ്‌ലിം ബഹുജനങ്ങളെ ഇസ്‌ലാമികമായി ബോധവത്കരിക്കാനും സമുദ്ധരിക്കാനുമുള്ള പ്രധാന ആശയവിനിമയോപാധി ഈ മതപ്രസംഗങ്ങളായിരുന്നു. ആത്മീയോൽക്കർഷം നേടാൻ സഹായകമായ സാരോപദേശങ്ങളും ദൈനംദിന ജീവിതത്തിൽ ചിട്ടയോടെ പാലിക്കേണ്ട കർമശാസ്ത്രത്തിന്റെ പ്രായോഗിക പാഠങ്ങളുമായിരുന്നു വഅ്ളുകളുടെ പ്രധാന ഉള്ളടക്കം. പുറത്തുള്ള ഇസ്‌ലാമിക സമൂഹങ്ങളെ പോലെ നാഗരികവും സാംസ്കാരികവുമായ വലിയ പാരമ്പര്യം അവകാശപ്പെടാനില്ലാത്ത കേരളത്തിലെ ഇസ്‌ലാമിക സമൂഹത്തിൽ മതബോധവും പരമ്പരാഗത മതവിജ്ഞാനങ്ങളും കെടാതെ നിലനിർത്തിയതിൽ വഅ്ളുകൾ വഹിച്ച പങ്ക് അനിഷേധ്യമാണ്. തലമുറകൾക്ക് പ്രയോജനം ചെയ്ത ഈ വഅ്ള് പിൽക്കാലത്ത് അനാചാരങ്ങളുടെയും ജീർണതകളുടെയും പരദൂഷണത്തിന്റെയും പ്രചാരണമാധ്യമമായി അധഃപതിച്ചു. മുസ്‌ലിം സമൂഹത്തിൽ സംഘടനാവത്കരണവും അതിന്റെ പേരിലുള്ള വിഭാഗീയതയും ശക്തിപ്പെട്ടതിനു ശേഷം വഅ്ളുകൾക്ക് സംഭവിച്ച അപചയം അതിന്റെ ചരിത്രമൂല്യം അംഗീകരിക്കാൻ തടസ്സമാകേണ്ടതില്ല. പൊന്നാനിയിൽ മഖ്ദൂമുമാർ അടിത്തറ പാകിയ ദർസ് സമ്പ്രദായത്തിന്റെ സ്വാഭാവികമായ തുടർച്ചയും ഫലവുമായിരുന്നു വഅ്ളുകൾ. ശൈഖ് സൈനുദ്ദീൻ *ഫത്ഹുൽ മുഈനിൽ* പ്രതിപാദിച്ച കർമശാസ്ത്ര വിജ്ഞാനീയങ്ങളെ അദ്ദേഹത്തിന്റെ തന്നെ കളരിയിൽ പഠിച്ച് പുറത്തിറങ്ങിയ മതപ്രഭാഷകർ വഅ്ളുകളിലൂടെ പുനരാവിഷ്കരിച്ച് മുസ്‌ലിം ബഹുജനത്തെ പ്രബുദ്ധരാക്കി. മറ്റൊരു രീതിയിൽ പറഞ്ഞാൽ അദ്ദേഹത്തിന്റെ പിതാമഹൻ ദർസിന്റെ സ്ഥാപനത്തിലൂടെ തുടങ്ങിവെച്ച അറിവിന്റെ ജനാധിപത്യവത്കരണത്തെ ഗ്രന്ഥരചനയിലൂടെ സൈനുദ്ദീൻ രണ്ടാമൻ ഇപ്രകാരം ത്വരിതപ്പെടുത്തുകയായിരുന്നു. പിൽക്കാലത്ത് കേരളീയ മുസ്‌ലിം സമൂഹത്തിൽ വിവാദമായി കത്തിപ്പടരുകയും ഇന്നും അണയാതെ നിൽക്കുകയും ചെയ്യുന്ന ചില വിഷയങ്ങളിൽ *ഫത്ഹുൽ മുഈൻ* മുന്നോട്ടുവെക്കുന്ന ആശയങ്ങൾ അറിയുന്നത് കൗതുകകരമായിരിക്കും. സ്ത്രീകളുടെ പള്ളി പ്രവേശനത്തെയും ജുമുഅ ഖുത്വ്ബ മാതൃഭാഷയിലാകുന്നതിനെയും അനുകൂലിക്കുന്ന അദ്ദേഹം ഖബ്ർ കെട്ടിപ്പൊക്കുന്നതിനെ ശക്തിയായി എതിർക്കുകയും ചെയ്യുന്നു. ഖബ്ർ കെട്ടിപ്പൊക്കുന്നതിനെക്കുറിച്ച് *ഫത്ഹുൽ മുഈനി*ലെ ഒരു പ്രസ്താവന കാണുക:

"പ്രത്യേകം ആവശ്യങ്ങളൊന്നും കൂടാതെ ഖബ്റിനുള്ളിലോ ഖബ്റിനു മീതെയോ കെട്ടിടം പണിയൽ കറാഹത്താകുന്നു. അങ്ങനെ ചെയ്യരുതെന്ന് കൽപിച്ചിട്ടുണ്ട്. ഖബ്ർ വന്യ മൃഗങ്ങൾ മാന്തുമെന്നോ കിളച്ചുമറിക്കപ്പെടുമെന്നോ വെള്ളപ്പൊക്കത്താൽ ഖബ്റിന് നാശം സംഭവിക്കുമെന്നോ സംശയം ജനിക്കുന്നപക്ഷം ഖബ്ർ കെട്ടിപ്പൊക്കുന്നതിന് വിരോധമില്ല. ഒരാളുടെ സ്വന്തമായ സ്ഥലത്ത് ഖബ്ർ കെട്ടിപ്പൊക്കുന്ന പക്ഷം മാത്രമേ അത് കറാഹത്തിൽ പെടുകയുള്ളൂ. സ്ഥലം സ്വന്തമല്ലെങ്കിൽ കെട്ടിപ്പൊക്കൽ ഹറാമാകുന്നു. മേൽപറഞ്ഞ കാരണങ്ങളൊന്നുമില്ലെങ്കിൽ പൊതുസ്ഥലത്ത് ഖബ്ർ കെട്ടിപ്പൊക്കുകയോ ഖബ്റിന്മേൽ ഗോപുരം പണിയുകയോ ചെയ്യുന്നത് ഹറാമാകുന്നു" (*ഫത്ഹുൽ മുഈൻ* പരിഭാഷ, പി.കെ കുഞ്ഞുബാവ മുസ്‌ലിയാർ, പേജ് 224).

പൂർവിക പണ്ഡിതന്മാർ സ്വീകരിച്ച രീതിയെ പിൻപറ്റുക എന്ന നിലയിൽ ജുമുഅ ഖുത്വ്ബ അറബിയിലാകുന്നതാണ് ഉത്തമം എന്ന പക്ഷക്കാരനായിരുന്നു ശൈഖ് സൈനുദ്ദീനെങ്കിലും ഖുത്വ്ബ മാതൃഭാഷയിലാകുന്നതിനെ അദ്ദേഹം വിലക്കുകയോ പുതിയ കാലത്ത് യാഥാസ്ഥിതിക പണ്ഡിത കൂട്ടായ്മ ചെയ്തതുപോലെ അത് നിഷിദ്ധമാണെന്ന് 'ഫത്വ' പുറപ്പെടുവിക്കുകയോ ചെയ്തില്ല. ഇതു സംബന്ധമായി അദ്ദേഹത്തിന്റെ പ്രസ്താവന ശ്രദ്ധിക്കുക: "അറബ് ഭാഷയിൽ ഖുത്വ്ബ പഠിക്കാൻ സ്വാതന്ത്ര്യമോ സന്ദർഭമോ ലഭിച്ചവരില്ലാത്തപക്ഷം കൂട്ടത്തിൽ ഒരാൾ മാതൃഭാഷയിൽ ഖുത്വ്ബ നിർവഹിക്കേണ്ടതാകുന്നു" (അതേ പുസ്തകം, പേജ് 207). അതുപോലെ സ്ത്രീകൾക്ക് പള്ളിയിൽ പോയിക്കൂടെന്നോ ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കാൻ പാടില്ലെന്നോ അദ്ദേഹം പറയുന്നില്ല. സ്ത്രീകൾക്കും അടിമകൾക്കും, പുരുഷന്മാരെപ്പോലെ ജുമുഅ നിർബന്ധമില്ലെന്ന് വ്യക്തമാക്കുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളൂ. ജുമുഅക്ക് പോകുമ്പോൾ പുരുഷന്മാർ പട്ടുവസ്ത്രം ഉപയോഗിക്കുന്നതിന്റെ വിധി വ്യക്തമാക്കിയതിനു ശേഷം സ്ത്രീകളെ സംബന്ധിച്ചേടത്തോളം പട്ടുതുണി വിരിപ്പായി ഉപയോഗിക്കുന്നത് അനുവദിക്കപ്പെട്ടിരിക്കുന്നു എന്നുപോലും പറയുന്നു (അതേ പുസ്തകം,

പേജ് 210). *ഫത്ഹുൽ മുഈനി*ലെ ഈ പ്രസ്താവനയിൽനിന്ന് സ്ത്രീപള്ളിപ്രവേശം നിഷിദ്ധമാണ് എന്ന നിലപാട് ശൈഖ് സൈനുദ്ദീന് ഇല്ല എന്ന് വ്യക്തം. അതുപോലെ നമസ്കാരത്തിനു ശേഷമുള്ള പ്രാർഥനയും ദിക്റുമെല്ലാം ഓരോരുത്തരും ഒറ്റക്കൊറ്റക്കായി മൗനമായി നടത്തുന്നതാണ് ശ്രേഷ്ഠം എന്ന നിലപാടാണ് അദ്ദേഹത്തിനുള്ളത്: "നിസ്കാരസ്ഥലത്തുനിന്ന് എഴുന്നേൽക്കുക എന്നത് ഇമാമിനെ സംബന്ധിച്ചേടത്തോളം നിസ്കരിച്ച വിധത്തിൽ ഇരിക്കുന്നതിനേക്കാൾ അത്യുത്തമമായ കാര്യങ്ങളാകുന്നു. ഇമാം അത് ചെയ്യുന്നില്ലെങ്കിൽ പിന്നെ തന്റെ വല ഭാഗം മഅ്മൂമുകളുടെ നേരെയും ഇടഭാഗം ഖിബ്‌ലക്കു നേരെയും ആക്കി ഇരിക്കുക എന്നതാണ് ഉത്തമമായിട്ടുള്ളത്..... നിസ്കാരാനന്തരമുള്ള ദിക്ർ സുന്നത്താണെന്നതിന് നിസ്കാരസ്ഥലത്തുനിന്ന് ഇമാം എഴുന്നേൽക്കുക എന്നത് പരസ്പരവിരുദ്ധമാവുകയില്ല. കാരണം ഇമാം മാറിയിരുന്ന സ്ഥലത്ത് വെച്ചു തന്നെ അത് നിർവഹിക്കാമല്ലോ" (അതേ പുസ്തകം, പേജ് 131). നമസ്കാരാനന്തരമുള്ള ദിക്റിന്റെയും പ്രാർഥനയുടെയും സ്വഭാവത്തെക്കുറിച്ച് കുറേകൂടി വ്യക്തതയോടുകൂടി അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു: "നിസ്കാരം അവസാനിച്ച ഉടനെ ദിക്ർ, ദുആ എന്നിവ നിശ്ശബ്ദമായി ചൊല്ലൽ സുന്നത്താകുന്നു. ഇമാമായാലും മഅ്മൂമായാലും ഒറ്റക്ക് നിസ്കരിക്കുന്നവനായാലും സ്വയം (അവനവൻ) കേൾക്കത്തക്ക ശബ്ദത്തിൽ മാത്രം ചൊല്ലുക എന്നതാണ് സുന്നത്ത്" (അതേ പുസ്തകം, പേജ് 130).

ശബ്ദപ്രളയം സൃഷ്ടിച്ചുകൊണ്ട് പള്ളിയിൽ നടത്തപ്പെടുന്ന ദിക്ർ, തഹ്‌ലീൽ പരിപാടികളെയും ശൈഖ് സൈനുദ്ദീൻ നിരുത്സാഹപ്പെടുത്തുകയാണ്: "നിസ്കരിക്കുന്നവരുടെ ചിന്ത അന്യഥാ വ്യാപരിക്കത്തക്കവിധം മിഥ്യാബോധമുണ്ടാക്കുന്ന നിലയിൽ അതിരുകവിഞ്ഞ് ശബ്ദമുയർത്തിക്കൊണ്ട് പള്ളിയിൽ വെച്ച് ദുആ, ദിക്ർ മുതലായവ ചൊല്ലുന്നത് ഹറാമാണെന്ന് പറയേണ്ടിയിരിക്കുന്നുവെന്ന് നമ്മുടെ ഗുരുനാഥൻ പ്രസ്താവിച്ചിരിക്കുന്നു" (അതേ പുസ്തകം, പേജ് 131).

നേർച്ചയുടെ ഇസ്‌ലാമികമാനത്തെയും വിവിധതരം നേർച്ചകളെയും കുറിച്ച് വിശദമായി *ഫത്ഹുൽ മുഈനിൽ* പ്രതിപാദിക്കുന്നുണ്ട്. എന്നാൽ എവിടെയും അല്ലാഹുവിന്റെ പേരിലോ സൽക്കർമങ്ങൾക്കു വേണ്ടിയോ അല്ലാതെ ശിർക്ക് കലർന്ന യാതൊരുവിധ നേർച്ചയും പരാമർശിക്കപ്പെടുന്നേയില്ല. നേർച്ചയുമായി ബന്ധപ്പെട്ട് തൗഹീദിലടിയുറച്ച അദ്ദേഹത്തിന്റെ നിലപാട് ഇതിലൂടെ അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഇപ്രകാരം *ഫത്ഹുൽ മുഈനി*ന്റെ ഉള്ളടക്കത്തിലൂടെ കണ്ണോടിച്ചുപോകുന്ന ഏതൊരാൾക്കും അത് പ്രസരിപ്പിക്കുന്ന മതബോധം തൗഹീദിൽ അടിയുറച്ചതും ജീർണതകളിൽനിന്നും അനാചാരങ്ങളിൽനിന്നും മുക്തവുമാണെന്ന് എളുപ്പത്തിൽ ബോധ്യമാവാതിരിക്കില്ല. സാമൂഹിക പരിഷ്കരണദൗത്യം കൂടി ഈ കൃതിക്കുണ്ട് എന്ന് പറയാനുള്ള കാരണവും അതുതന്നെ. അതേസമയം *ഫത്ഹുൽ മുഈനി*ന്റെ ഈ ചരിത്രമൂല്യം അംഗീകരിക്കുന്നതോടൊപ്പം എക്കാലത്തേക്കും പ്രസക്തമായ ശാഫിഈ കർമശാസ്ത്രത്തിലെ ആധികാരികമായ ഒരേയൊരു ഗ്രന്ഥം എന്ന് ഇതിനെ വിശേഷിപ്പിക്കുന്നതിൽ വലിയ കാര്യമില്ല. സ്വന്തമായ ഗവേഷണത്തിന് അധികമൊന്നും മുതിരാതെ തന്റെ ഗുരുനാഥന്മാരെ ആശ്രയിക്കുക മാത്രമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. അതിനാൽ ഇജ്തിഹാദിലൂടെ അദ്ദേഹത്തിന്റെ പല കർമശാസ്ത്ര നിലപാടുകളെയും ചോദ്യം ചെയ്യാവുന്നതാണ്. അതിന് അനുവദിക്കാത്ത വിധത്തിലുള്ള പൂർണതയും അപ്രമാദിത്വ പദവിയുമൊന്നും മറ്റേതൊരു കർമശാസ്ത്രകൃതിയെയും പോലെ *ഫത്ഹുൽ മുഈനിനു*മില്ല.

ശൈഖ് സൈനുദ്ദീൻ മികച്ച വാഗ്മി കൂടിയായതിനാൽ അദ്ദേഹത്തിന്റെ സാമൂഹികപ്രവർത്തനം അധ്യാപനത്തിലൂടെയുള്ള വിജ്ഞാനപ്രചാരണത്തിൽ ഒതുങ്ങിനിന്നില്ല. ബഹുസ്വര സമൂഹത്തിലെ ഇടകലർന്ന ജീവിതം കാരണം മുസ്‌ലിം സമൂഹത്തെ സാരമായി ബാധിച്ചിരുന്ന ജീർണതകളെയും അനാചാരങ്ങളെയും അദ്ദേഹം തന്റെ പ്രഭാഷണങ്ങളിലൂടെ ചൂണ്ടിക്കാണിക്കുകയും അവരെ സാധ്യമാകുന്നത്ര ശുദ്ധീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. മുസ്‌ലിം സമൂഹത്തിലെ ഉപരിവർഗത്തെ ഗ്രസിച്ച ഭൗതികപ്രമത്തതയെയും ജീവിതാസക്തിയെയും അദ്ദേഹം ശക്തിയായി ചോദ്യം ചെയ്തു. കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തെ വിശകലനം ചെയ്തുകൊണ്ട് ശൈഖ് സൈനുദ്ദീൻ നടത്തിയ ചില പ്രസ്താവനകൾ അദ്ദേഹത്തിലെ സാമൂഹിക പരിഷ്കർത്താവിനെ കൃത്യമായി അടയാളപ്പെടുത്തുന്നതാണ്. പോർച്ചുഗീസ് അധിനിവേശത്തെക്കുറിച്ച അദ്ദേഹത്തിന്റെ വിശകലനം ശ്രദ്ധിക്കുക: "മുസ്‌ലിംകൾ അങ്ങനെ അല്ലാഹുവിന്റെ വിശാലമായ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായി ജീവിതം നയിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ അവസ്ഥ അധികകാലം നീണ്ടില്ല. മുസ്‌ലിംകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മറന്നു. അവനെ ധിക്കരിച്ചു. പാപപങ്കിലമായ ജീവിതം നയിച്ചപ്പോൾ അല്ലാഹു യൂറോപ്യരായ പോർച്ചുഗീസ് നികൃഷ്ടന്മാർക്ക് അവരുടെ മേൽ ആധിപത്യം നൽകി" (*തുഹ്ഫത്തുൽ മുജാഹിദീൻ* പരിഭാഷ, സി. ഹംസ, പേജ് 34).

അതിശക്തമായ ബാഹ്യഭീഷണി തലക്കുമുകളിൽ തൂങ്ങിനിൽക്കെ ഇത്തരത്തിലുള്ള ശക്തമായ ആത്മവിമർശനം ഒരു കേവല രാഷ്ട്രീയ ചിന്തകനിൽനിന്നോ മതമീമാംസകനിൽനിന്നോ പ്രതീക്ഷിക്കാനാവില്ല. ബാഹ്യ ഭീഷണിയെ ചെറുക്കാൻ സമൂഹത്തിന് കരുത്തു നൽകുന്നവിധം അവരെ ആന്തരികമായി ശുദ്ധീകരിക്കാനും പരിഷ്കരിക്കാനുമുള്ള ആശയങ്ങളും രീതിശാസ്ത്രവും കൈക്കൊണ്ട ചരിത്രബോധമുള്ള ഒരു സാമൂഹിക പരിഷ്കർത്താവിൽനിന്നേ ഇത് പ്രതീക്ഷിക്കാനാവൂ. മാറ്റത്തിന് സ്വയം തയാറാകാത്ത സമൂഹത്തെ അല്ലാഹു മാറ്റുകയില്ല എന്ന, സാമൂഹിക പരിവർത്തനത്തെ കുറിച്ച ഖുർആനികപാഠമാണ് ഈ ആത്മവിമർശനത്തിലൂടെ ശൈഖ് സൈനുദ്ദീൻ ജനങ്ങളിലേക്ക് പകർന്ന സന്ദേശം. ഒപ്പം ചരിത്രത്തിന്റെ വികാസപ്രക്രിയയെ നിർണയിക്കുന്നതിൽ ദൈവിക ഇടപെടലിന്റെ അലംഘനീയതയെ ഉറപ്പിക്കുകയും ചെയ്യുന്നു.

(തുടരും)